പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 3509. 19.10.2016 ന് മറുപടിയ്ക്ക്.

## സ്കിൽ ഇന്ത്യ ട്രെയിനിങ്ങ് പ്രോഗ്രാം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. എം. രാജഗോപാലൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത സ്കിൽ ഇന്ത്യ ട്രെയിനിങ്ങ് പ്രോഗ്രാം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റേത് ഉൾപ്പെടെയുള്ള ജോലികൾക്ക് ഈ പരിശീലനം അനിവാര്യമാണെന്ന നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കാമോ? | കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത സ്കിൽ ഇന്ത്യ ട്രെയിനിങ്ങ് പ്രോഗ്രാം-ന്റെ ഭാഗമായി പ്രൈമിനിസ്റ്റേഴ്സ് കൗശൽ വികാസ് യോജന (PMKVY), ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശൽ യോജന (DDUGKY) തുടങ്ങിയ പദ്ധതികൾ നിലവിൽ കേരളത്തിൽ നടന്നുവരുന്നു.<br><br>മിനിസ്ട്രി ഓഫ് ഫിനാൻസ് (ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സ്) - ന്റെ 27.10.2013 – ലെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം നോട്ടിഫിക്കേഷൻ തീയതിയുടെ മൂന്നാം വർഷം മുതൽ കേന്ദ്ര സർക്കാരിലേക്കും പൊതു മേഖലാ സ്ഥാപനങ്ങളിലേക്കുമുള്ള നിയമനങ്ങൾക്കുള്ള യോഗ്യതകൾക്ക് NSQF – ന്റെ നിബന്ധനകൾ കൂടി ഉൾക്കൊള്ളിച്ചു കൊണ്ട് മാറ്റം വരുത്തും എന്നതാണ്. എന്നിരുന്നാലും നിലവിൽ ഇതു പ്രാബല്യത്തിൽ വന്നിട്ടില്ല. |

Bindu

സെക്ഷൻ ഓഫീസർ